PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

TPL STOCK VERIFIED 1995

SECOND SESSION—1954.

Tuesday, the 3rd August 1954.

Vol. XI] OFFICIAL REPORT [No. 18

The Assembly met in the Assembly Chamber at Eleven o' Clock on Tuesday, the 3rd August 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day)

ഫീസ് സൗജന്യം.

* 604. [6] <u>ശ്രീ. ടി. എ. മജീദ്</u>: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ജി. ഒ. മാരുടെ സന്താനങ്ങൾക്ക് ഫീസ് സൗജന്യം അനുവദിച്ചിട്ടുണ്ടോ;

(ബി) ഈ സൗജന്യം സ്വയംഭരണസ്ഥാപനങ്ങളിലെ കീഴ്ജീവനക്കാർക്കും പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർക്കും അനുവദിക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) അതിനെപ്പറ്റി ഗവണ്മെന്റിന്റെ അഭിപ്രായമെന്ത്?

മുഖ്യമന്ത്രി (<u>ശ്രീ. എ. താണുപിള്ള</u>:)

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഗവണ്മെന്റ് ഇതു കൊടുക്കാൻ തീരുമാനിച്ചിട്ടില്ല.

<u>ശ്രീ. ടി. എ. മജീദ്</u>: ഇതിനെപ്പറ്റി ഗവണ്മെന്റിന്റെ അഭിപ്രായം എന്താണ്?

<u>ശ്രീ. എ. താണുപിള്ള</u>: സ്വയംഭരണസ്ഥാപനങ്ങളിലെ സിൽബന്തികൾക്ക് ആ സ്ഥാപനങ്ങളാണ് ശമ്പളം കൊടുക്കുന്നത്. അതുകൊണ്ട് സൗജന്യം വല്ലതുമുണ്ടെങ്കിൽ അവരുവേണം കൊടുക്കാൻ.

ശ്രീ. ടി. എ. മജീദ്: പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യമോ?

ശ്രീ. എ. താണുപിള്ള: അവർക്കു ശമ്പളമല്ലാതെ മറ്റൊന്നും കൊടുക്കാൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. ടി. എ. മജീദ്: പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഗവണ്മെന്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തെക്കാൾ വളരെ കുറവാണെന്നുള്ളസ്ഥിതിക്ക് അവരുടെ സന്താനങ്ങൾക്ക് ഫീസ് സൗജന്യം അനുവദിക്കേണ്ടതല്ലേ?

ശ്രീ. എ. താണുപിള്ള: ശമ്പളം കുറവായിരിക്കുന്നസ്ഥിതിക്ക് ശമ്പളം കൂട്ടുകയാണു വേണ്ടതു്.

ശ്രീ. കെ. എ. ഭട്ട്: അങ്ങിനെ ഒരു സൗജന്യം അവർക്ക് അനുവദിക്കുകയാണെങ്കിൽ അതിൽ വല്ലപങ്കും വഹിക്കാമെന്ന് ഗവണ്മെന്റ് ഉറപ്പുനൽകിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസുവേണം.

ശ്രീ. എം. വി. ചെറിയാൻ: ഗവണ്മെന്റ് അദ്ധ്യാപകന്മാരുടെ അവകാശങ്ങളോടൊപ്പമുള്ള ഒരു അവകാശം പ്രൈവറ്റ് അദ്ധ്യാപകന്മാർക്ക് ഇല്ലെന്നാണോ ഗവണ്മെന്റ് വിചാരിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: ഗവണ്മെന്റ്സ്കൂൾ അദ്ധ്യാപകന്മാരോടൊപ്പമായ അവകാശം പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർക്കില്ല. അങ്ങിനെ ഉണ്ടായിരുന്നെങ്കിൽ ശമ്പളം ഒരുപോലെ ആകുമായിരുന്നല്ലോ.

ശ്രീ. എം. വി. ചെറിയാൻ: പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർക്ക് അവശതകൾ കൂടുതലില്ലേ?

ശ്രീ. എ. താണുപിള്ള: ഉണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: അവശത പരിഹരിക്കുകയല്ലേ ഫീസ് സൗജന്യംകൊണ്ടുദ്ദേശിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: ഫീസ്സൗജന്യം പാവപ്പെട്ട എല്ലാവർക്കും കൊടുക്കേണ്ടതാണു്.

ശ്രീ. എം. വി. ചെറിയാൻ: സ്കൂളുകൾ അക്സീഡുചെയ്തതോടുകൂടി പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർക്ക് ഗവണ്മെന്റല്ലേ ശമ്പളം കൊടുക്കുന്നതു്?

ശ്രീ. എ. താണുപിള്ള: ഗവണ്മെന്റ് ഗ്രാന്റുകൊടുക്കുന്നുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: അവരുടെ ശമ്പളം ബില്ലെഴുതി ഗവണ്മെന്റിൽനിന്നും നേരിട്ടുവാങ്ങുകയല്ലേ ചെയ്യുന്നതു്?

ശ്രീ. എ. താണുപിള്ള: അതു് ആ ഗ്രാന്റുകൊടുക്കുന്ന രീതിയാണു്.

ശ്രീ. എം. വി. ചെറിയാൻ: അവരുടെ അവശതകളെ ഗവണ്മെന്റ് അനുഭാവപൂർവ്വം വീക്ഷിക്കുമോ?

ശ്രീ. എ. താണുപിള്ള: വളരെ അനുഭാവത്തോടുകൂടി വീക്ഷിക്കണമെന്നു വിചാരിക്കുന്നുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: ശിപ്പായികൾക്കുംമററും കിട്ടുന്ന ശമ്പളത്തെക്കാൾ കുറഞ്ഞ ഒരു ശമ്പളമാണ് പ്രൈവററ്സ്കൂൾ അദ്ധ്യാപകന്മാർക്കു കിട്ടുന്നതെന്നു മനസ്സിലാക്കി അവർക്ക് ഈ ഫീസ്സൗജന്യം നൽകുന്നതിനു ആലോചിക്കുമോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററി ആലോചിക്കാം. ശിപ്പായികൾക്ക് 42 രൂപ കിട്ടുമ്പോൾ ഇവർക്ക് 30 രൂപയേ കിട്ടുന്നുള്ളു എന്നു ഗവണ്മെൻറിനറിയാം.

അദ്ധ്യാപകന്മാരുടെ ശമ്പളം തടഞ്ഞുവച്ചതിൻകാരണം.

* 605. [7] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ പരിഗണനവച്ചുകൊണ്ട് ഏതെങ്കിലും പ്രൈവററ്സ്കൂൾ അദ്ധ്യാപകരുടെ ശമ്പളത്തിൽ തടഞ്ഞുവച്ചതായി ഗവണ്മെൻറിനറിയാമോ;

(ബി) ശിവഗിരിസ്കൂളിലെ രണ്ട് അദ്ധ്യാപകരുടെ ശമ്പളത്തിൽ തടഞ്ഞുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഇല്ല.

(ബി) ഈ സ്കൂൾമാനേജർ രണ്ട് അദ്ധ്യാപകന്മാരുടെ ശമ്പളം അവകാശപ്പെട്ടിട്ടില്ലെന്നറിയാം. ഈ രണ്ട് അദ്ധ്യാപകന്മാരെപ്പററിയുള്ള മാനേജരുടെ പരാതി ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുന്നു.

ശ്രീ. ടി. എ. മജീദ്: എന്തുകൊണ്ടാണ് ശമ്പളം തടഞ്ഞതെന്നു ഗവണ്മെൻറ് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അവരുടെ ജോലിയും കാൺഡക്ററും തൃപ്തികരമല്ലെന്നുള്ള കാരണത്താലാണ് ശമ്പളം തടഞ്ഞുവച്ചിരിക്കുന്നതു്.

ശ്രീ. ടി. എ. മജീദ്: കാൺഡക്ററും ജോലിയും തൃപ്തികരമല്ലെങ്കിൽ ശമ്പളം തടയുന്ന പതിവുണ്ടോ?

ശ്രീ. എ. താണുപിള്ള: ആകാമല്ലോ.

ശ്രീ. ടി. എ. മജീദ്: ശമ്പളം തടഞ്ഞുവച്ചിട്ട് എത്രമാസമായി എന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ആ വിവരം എൻെറ കയ്യിലില്ല.

ശ്രീ. ടി. എ. മജീദ്: ഉദ്യോഗം തൃപ്തികരമല്ലെങ്കിൽ ശമ്പളം തടയുന്നതു് ഏതുനിയമത്തെ വച്ചുകൊണ്ടാണ്?

ശ്രീ. എ. താണുപിള്ള: സാധാരണ ഏതു സ്ഥാപനവും മാനേജ് ചെയ്യുന്ന നിയമങ്ങളും വച്ചുകൊണ്ട്.

ശ്രീ. സി. കൊച്ചുകുഞ്ഞ്: ഈ രണ്ടു് അദ്ധ്യാപകന്മാരെയും സസ്പെൻഡുചെയ്തിരിക്കയാണെന്നു് അറിയാമോ?

ശ്രീ. എ. താണുപിള്ള: അതറിവില്ല.

ശ്രീ. ടി. എ. മജീദ്: ഇവരുടെ ജോലി തൃപ്തികരമല്ലെന്നു പറഞ്ഞതാരാണു്?

ശ്രീ. എ. താണുപിള്ള: മാനേജരാണു്.

എൻ. ഇ എസ്സ്. സ്കീം.

*606. [8] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്സ്. സ്കീമിന്റെ പ്രവർത്തനത്തിനായി ചിറയിൻകീഴ് താലൂക്കിൽ എത്ര കേന്ദ്രങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ടു്;

(ബി) ഈ കേന്ദ്രങ്ങളിലെ പ്രവർത്തനച്ചെലവു് നടത്തുന്നതാരു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഒന്നുമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. എ. മജീദ്: ഇതുസംബന്ധിച്ചു് തഹശീൽദാർ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടി ഒരു തീരുമാനം ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: കേന്ദ്രങ്ങൾ എടുക്കുന്നതുസംബന്ധിച്ചാണോ ചോദിക്കുന്നതു്?

ശ്രീ. ടി. എ. മജീദ്: അതെ?

ശ്രീ. എ. താണുപിള്ള: ആ വിവരം ഫയലിൽ കാണുന്നില്ല. പക്ഷേ ചെയ്തിരിക്കാം.

കൃഷി ഇൻസ്പെക്ടറന്മാരുടെ ശമ്പളം.

*607. [10] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഇൻസ്പെക്ടറന്മാരുടെ ശമ്പളം എത്ര;

(ബി) എന്നു മുതൽ ഈ സ്കെയിൽ അനുവദിച്ചു;

(സി) ഡെമോൺസ്ട്രേറ്റേഴ്സിന്റെ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനു വല്ല കാരണവും ഉണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 80—120-ം 125—175-ം

(ബി) 23-3-1949 മുതൽ അനുവദിച്ചു.

(സി) ഉണ്ടു്. 25 മുതൽ 30-ം, 30 മുതൽ 45-ം ആയിരുന്നതു് 30 മുതൽ 45-ം, 45 മുതൽ 75-ം ആയി വർദ്ധിപ്പിച്ചിട്ടുണ്ടു്;

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

Travellers' Bureau.

※ 608. [11] **Shri T. S. Ramaswami**: Will the Chief Minister be pleased to state :

(*a*) the date and nature of agreement between the Government and the Firm called the Travellers' Bureau regarding the lease of Government buildings to the firm, if any ;

(*b*) the conditions of lease ;

(*c*) the names of the Board of Directors of the Company;

(*d*) amount paid by way of rent till date by the company as per agreement; and

(*e*) the buildings which were leased out to the firm?

Chief Minister **(Shri A. Thanu Pillai)** : (*a*) No formal agreement was executed between the company and the Government.

(*b*) The buildings were leased out on the condition that the T. C. T. B. should pay the rent for the various buildings and a percentage of the turnover fixed by the Government without default.

(*c*) Shri K. R. Elankath.
 „ Ramavarma Raja.
 „ A. V. George.
 „ Parayathu Raman Menon.
 „ K. R. Raman Menon.
 „ V. V. Joseph.

(*d*) The exact amount can be known only after the audit of the accounts is over.

(*e*) A list of buildings is placed on the table. *

Kundara Ceramic Factory.

※ 609. [12] **Shri T. S. Ramaswami**: Will the Minister for Finance be pleased to state:

(*a*) the number of staff and number of workers employed at present in the Kundara Ceramic Factory;

(*b*) number employed five years back;

(*c*) whether any retrenchment was made during the last five years ;

(*d*) if so, for what reasons; and

(*e*) whether any steps were taken for absorbing the retrenched staff?

Minister for Finance **(Shri P. S. Nataraja Pillai)**

(*a*) Staff—48.
Workers—492.

(*b*) Staff—50.
Workers—530.

---

* Please See Appendix I.

(*c*) Yes.

(*d*) The workers were retrenched in 1951 based on the report of the Court of Enquiry; the staff was retrenched based on the general retrenchment policy followed by the Government in the State in 1950.

(*e*) The affected persons were fitted in the sanctioned grade without reduction of emoluments.

ശ്രീ. എം. വി. ചെറിയാൻ: അവിടെയുള്ള വിദഗ്ദ്ധൻ ആരാണെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: എക്സ്പെർട്ട് ഒരു മി. പണിക്കരാണു്. പൂർണ്ണമായ പേരു് അറിവില്ല.

ശ്രീ. എം. വി. ചെറിയാൻ: ഈ ഫാക്ടറിയിൽ ഇപ്പോൾ ഉണ്ടാക്കിവരുന്ന സാധനങ്ങൾക്കു് മാർക്കററിൽ ചെലവില്ലെന്നറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അങ്ങിനെ ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. വി. ചെറിയാൻ: അവിടെ ഉണ്ടാക്കുന്ന പ്ലേററുകളും ചട്ടികളും മോശമാണെന്നു മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: നേരെ മറിച്ചാണു മനസ്സിലാക്കിയിട്ടുള്ളതു്. ബംഗാൾ പാട്ടറീസിലും, മററു സിറാമിക് ഫാക്ടറികളിലും ഉണ്ടാക്കുന്ന സാധനങ്ങളെക്കാൾ വളരെ നല്ലതായിട്ടാണു് കുണ്ടറ ഫാക്ടറിയിൽ ഉണ്ടാക്കിയിട്ടുള്ളതെന്നു് സൂക്ഷ്മമായി അന്വേഷണത്തിൽനിന്നും ഗവണ്മെൻറ മനസ്സിലാക്കിയിട്ടുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: ആ ഫാക്ടറിയുടെ പ്രവർത്തനത്തെ ഒരു വിദഗ്ദ്ധൻ വന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഉണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: ആ വിദഗ്ദ്ധൻെറ അഭിപ്രായം എന്താണു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇവിടെ ഉണ്ടാക്കുന്ന സാധനങ്ങൾ അമേരിക്കയിൽ ഉണ്ടാക്കുന്ന സാധനങ്ങളെക്കാൾ നല്ലതാണെന്നാണു് എഴുതിത്തന്നിട്ടുള്ളതു്.

ശ്രീ. എം. വി. ചെറിയാൻ: പിന്നെ എന്താണു് സാധനങ്ങളുടെ ചെലവു കുറയുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇവിടത്തെ സാധനങ്ങൾക്കു് വില അൽപ്പം കൂടുതലാണു്.

ശ്രീ. എം. എം. മത്തായി: അങ്ങിനെയാണെങ്കിൽ അമേരിക്കയിൽ ഈ സാധനങ്ങൾ ചെലവാകരുതോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അവിടെക്കൊണ്ടുപോകാൻ പ്രയാസമാണു്.

Waste Paper in Government Offices.

※610. [13] **Shri P. Bhaskaran Nair**: Will the Chief Minister be pleased to state:

(*a*) whether any person has been given the right by contract to collect all waste paper from Government offices and public institutions in the State;

(*b*) if so, what is the rate at which paper is given to the contractor;

(*c*) how long has the contract been in force;

(*d*) how long is it to continue; and

(*e*) whether the Government are aware that between the market rate and the contract rate there is considerable difference beneficial to the contractor?

Chief Minister (**Shri A. Thanu Pillai**): (*a*) Yes; from all Government offices in the State.

(*b*) Rs. 157-8-0 per ton of white paper cuttings from the Government Presses and Rs. 105 per ton of other items of waste paper collected from all Government offices.

(*c*) From 1-6-1953.
(*d*) Till 31-5-1956.
(*e*) No.

Educational Policy.

※611. [14] **Shri Prakkulam Bhasi**: Will the Chief Minister be pleased to state whether there is any proposal before the present Government to appoint an Expert Committee to suggest ways for reformation and reorientation of the present Educational policy?

Chief Minister: (**Shri A. Thanu Pillai**): There is no such proposal. A Special Officer has been appointed to implement the provisions of the Secondary Education Committee Report.

<u>ശ്രീ. പ്രാക്കുളം ഭാസി</u>: സെക്കൻഡറി എഡ്യൂക്കേഷനുവേണ്ടി ഒരു ആഫീസറെ നിയമിച്ചിട്ടുണ്ട്. മററു പ്രൈമറിയും കാളേജും എഡ്യൂക്കേഷനെപ്പററിയുള്ള ഈ ഗവണ്മെൻറിൻെറ പോളിസി എന്താണ്?

<u>ശ്രീ. എ. താണുപിള്ള</u>: പ്രൈമറി എഡ്യൂക്കേഷൻ സംബന്ധിച്ച് ഇവിടെ ഒരു മോഷൻ കൊണ്ടുവരുന്നതിന് ഗവണ്മെൻറു പക്ഷത്തുനിന്നും നോട്ടീസ് കൊടുത്തിട്ടുണ്ട്. അത് ഈ സഭ അനുവദിക്കുന്നതായാൽ ഇന്നത്തെ പ്രൈമറി സിസ്റ്റത്തിനുപകരം ബേസിക് സിസ്റ്റം ഏർപ്പെടുത്തണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. സെക്കൻഡറി എഡ്യൂക്കേഷൻ സംബന്ധിച്ച് കമ്മിഷൻെറ റിപ്പോർട്ടു കിട്ടി ഭേദഗതികൾ വരുത്തുന്നതിനു ഒരു ആഫീസറെ നിയമിച്ചിട്ടുണ്ട്. കാളേജു എഡ്യൂക്കേഷൻ യൂണിവേഴ്സിററിയുടെകൂടി കാര്യമാണ്. ഒരു യൂണിവേഴ്സിററി ബിൽ വരുന്നുണ്ട്. ഈ സഭയിൽ ബിൽവരുന്ന സന്ദർഭത്തിൽ ഈ കാര്യത്തെപ്പററി ആലോചിക്കുന്നതിന് സൗകര്യമുണ്ടാകും.

<u>ശ്രീ. പ്രാക്കുളം ഭാസി</u>: യൂണിവേഴ്സിററി ബിൽ അടുത്ത സെഷനിൽ കൊണ്ടുവരുമോ?

ശ്രീ. എ. താണുപിള്ള : കൊണ്ടുവരും.

ശ്രീ. എം. വി. ചെറിയാൻ : വിദ്യാഭ്യാസ പരിഷ്ക്കരണത്തിനു നിയമിച്ച ഉദ്യോഗസ്ഥനു് പ്രത്യേക നിർദ്ദേശങ്ങൾ വല്ലതും കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : സെക്കൻഡറി എഡ്യൂക്കേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നാണു് ഗവണ്മെന്റു കൊടുത്തിട്ടുള്ള നിർദ്ദേശം.

ശ്രീ. എം. വി. ചെറിയാൻ : സെക്കൻഡറി എഡ്യൂക്കേഷൻ കമ്മിറ്റി ചെയ്ത തീരുമാനങ്ങൾ ഏതാണ്ടു് സ്വീകാര്യമാണെന്നാണോ ഗവണ്മെന്റു വിചാരിക്കുന്നതു്?

ശ്രീ. എ. താണുപിള്ള : ആ അടിസ്ഥാനത്തിലാണു പോകുന്നതു്.

ശ്രീ. എം. വി. ചെറിയാൻ : ആ സ്കീം ഈ ആണ്ടിൽത്തന്നെ നടപ്പിൽ വരുത്താൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള : അതിപ്പോൾ പറയാൻ ഒക്കുകയില്ല. അദ്ദേഹത്തിന്റെ റിപ്പോർട്ടു കിട്ടി, വേണ്ടിവന്നാൽ ഈ നിയമസഭയുടെയും അഭിപ്രായം അറിഞ്ഞിട്ടു ചെയ്യാമെന്നാണു് വിചാരിക്കുന്നതു്.

ശ്രീ. എം. വി. ചെറിയാൻ : അങ്ങിനെയുള്ള സംഗതികൾ എടുക്കുമ്പോൾ കമ്മ്യൂണിറ്റി പ്രാജക്റ്റു ഏരിയായിലും എൻ. ഇ. എസ്സ്. ഏരിയായിലും പരീക്ഷിച്ചുനോക്കുന്നതിനു മുൻഗണന നൽകുമോ?

ശ്രീ. എ. താണുപിള്ള : നിർദ്ദേശം കിട്ടിയിട്ടേ അതു നിശ്ചയിക്കാൻ കഴിയൂ. ഇതെല്ലാം അവിടെ മാത്രം നിറുത്തണമെന്നു വിചാരിക്കുന്നില്ല. പല പ്രവർത്തനങ്ങളും കമ്മ്യൂണിറ്റിപ്രാജക്റ്റു ഏരിയായിൽ നടക്കുന്ന സ്ഥിതിക്കു് ഈ വക കാര്യങ്ങൾ മറ്റു പ്രദേശങ്ങളിലല്ലേ തുടങ്ങേണ്ടതെന്നു് ആലോചിക്കണം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്രൈമറിതൊട്ടു് സെക്കൻഡറിവരെയുള്ള വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ഒരു ഓവറാൾ പാളിസി സഭയുടെ മുമ്പിൽ വയ്ക്കാൻ ഗവണ്മെന്റു് ആലോചിക്കുമോ?

ശ്രീ. എ. താണുപിള്ള : പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ബേസിക്കു് എഡ്യൂക്കേഷൻ ഏർപ്പെടുത്തണമെന്നുള്ളതു് ഈ സഭയുടെ ആലോചനയ്ക്കു വരുമ്പോൾ സഭയുടെ അഭിപ്രായം അറിയാവുന്നതാണു്. സെക്കൻഡറി എഡ്യൂക്കേഷനെ സംബന്ധിച്ചു് എന്താണു് വേണ്ടതെന്നു് സെക്കൻഡറി എഡ്യൂക്കേഷൻ കമ്മിഷന്റെ നിർദ്ദേശം വരുമ്പോൾ സഭയ്ക്കു് അഭിപ്രായം പറയാം. ഇതു് രാജ്യം ഒട്ടാകെ ബാധിക്കുന്ന ഒരു കാര്യമാണു്. പല താൽപ്പര്യങ്ങളും ഇതിൽ പരിഗണിക്കേണ്ടതുണ്ടു്. പലരും പ്രവർത്തനം നടത്തുന്ന ഒരു രംഗമാണു് ഇതു്. അതുകൊണ്ടു് ഗവണ്മെന്റിന്റെ നയം രൂപീകരിക്കുന്നതു് ഈ സഭയുടെ അഭിപ്രായം അറിഞ്ഞിട്ടുവേണമെന്നാണു് ഗവണ്മെന്റു കരുതുന്നതു്. വൈഷമ്യംകൂടാതെ ഈ കാര്യങ്ങൾ നിർവഹിക്കുന്നതിനു് ഈ സഭയുടെ അഭിപ്രായം അറിഞ്ഞു് മുമ്പോട്ടുപോകണമെന്നാണു് ഗവണ്മെന്റു വിചാരിക്കുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ: പ്രൈവററ കാളേജുകളിൽ എല്ലാ കൊല്ലവും ഗവണ്മെൻറിൽനിന്നും കൊടുത്തുവരുന്ന ഗ്രാൻറ് ഇപ്പോഴും രണ്ടു കാളേജുകൾക്ക് കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: രണ്ടല്ല സർ, മൂന്നു കാളേജുകൾക്ക് കൊടുക്കാൻ പാടില്ലെന്നു ഗവണ്മെൻറ നിശ്ചയിച്ചിട്ടുണ്ട്. ഇന്നത്തെ രീതിയിലുള്ള കാളേജുകൾ വേണമോയെന്നുള്ള കാര്യവും ആലോചനാവിഷയമാണ്. ഇന്നത്തെ ഈ രീതിയിലുള്ള കാളേജുകൾക്ക് ഇനി ഗവണ്മെൻറ ധനസഹായം ചെയ്യുമോ എന്നുള്ളതും സംശയമാണ്. അതു മാത്രമല്ല, ഈ കാളേജുകൾ സ്ഥാപിക്കുന്നതിന് ധനസഹായം ഗവണ്മെൻറിൽനിന്നും ആവശ്യപ്പെടുകയില്ലെന്നുള്ള ഉറപ്പിന്മേൽ ആണ് അനുവാദം കൊടുത്തിട്ടുള്ളതു്. അതായതു്, ഒന്നു് ആലപ്പുഴയിലും മറെറാന്നു തിരുവല്ലായിലും ഇനിയൊന്നു് കാലടിയിലും ഇങ്ങനെ മൂന്നു കാളേജുകളാണ്.

പാഠപുസ്തകങ്ങൾ.

* 612. [17] **ശ്രീ. പ്രാക്കുളം ഭാസി:** താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ക്ലാസ്സുകളിലേയ്ക്കുമുള്ള റീഡറുകൾ പ്രത്യേകം നിയോഗിക്കപ്പെട്ട കമ്മിററികൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനു പുറമെ മററു പാഠപുസ്തകങ്ങളുടെ പ്രസിദ്ധീകരണാവകാശം ഗ്രന്ഥകാരന്മാരിൽനിന്നു് പ്രതിഫലം നൽകി ഗവണ്മെൻറ് അച്ചടിച്ചു വിതരണം ചെയ്യുന്ന പരിഷ്കാരം തുടർന്നുകൊണ്ടുപോകാൻ ഇന്നത്തെ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ഈ പദ്ധതി തുടർന്നുകൊണ്ടു പോകുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ഈ പദ്ധതികൊണ്ടുണ്ടായിട്ടുള്ള ദോഷങ്ങൾ ഗവണ്മെൻറിനറിയാമോ; ടെക്സ്ററ ബുക്കുകളിൽ കൽക്കട്ടയിലെ കുട്ടികളെ വെടിവച്ച സംഗതികളും മററും എഴുതിച്ചേർത്തു നമ്മുടെ വിദ്യാർത്ഥികളെ പഠിപ്പിച്ചുവരുന്നതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: അതു് ഈ പദ്ധതിയുടെ ദോഷമാണോ; ആ ദോഷം ഒന്നും വരാതെ ഈ പദ്ധതി കൊണ്ടുപോകാം.

ശ്രീ. പ്രാക്കുളം ഭാസി: പുസ്തകക്കച്ചവടം ഗവണ്മെൻറിൻെറ പോളിസിയാണോ?

ശ്രീ. എ. താണുപിള്ള: നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്തു വില കുറച്ചു ആവശ്യം അനുസരിച്ചു കൊടുക്കാനാണ് ഗവണ്മെൻറിൻെറ ഉദ്ദേശം.

ശ്രീ. എം. വി. ചെറിയാൻ: ടെക്സ്ററബുക്കുകൾ ഗവണ്മെൻറ പ്രസിദ്ധീകരിക്കുന്നതുകൊണ്ടു് നല്ല പുസ്തകങ്ങൾ വില കുറച്ചുകൊടുക്കാമെന്നും, അതേ സമയം പ്രൈവററ വ്യക്തികൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ഏറെ വിലക്കൂടുതലാണെന്നും നല്ലതല്ലെന്നും, ഗവണ്മെൻറിനു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ചിലതിനു വിലക്കൂടുതലുണ്ടായിരിക്കാം, ചിലതിനു വിലക്കുറവുമുണ്ടായിരിക്കാം.

ശ്രീ. എം. വി. ചെറിയാൻ: ടെക്സ്റ്റ് ബുക്കുകൾ എല്ലാം കൊല്ലവും മാറുന്നതിനാൽ വളരെ വൈഷമ്യങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളതുകൊണ്ട് ഒരു നിശ്ചിത പദ്ധതി ഇതിലേയ്ക്കു സ്വീകരിക്കാൻ ഗവണ്മെന്റു തയ്യാറാകുമോ?

ശ്രീ. എ. താണുപിള്ള: ഈ വർഷം ടെക്സ്റ്റ്ബുക്കുകൾ മാറ്റിയിട്ടില്ല.

നാഷനൽ എക്സ്റ്റൻഷൻ സർവ്വീസുകൾ.

* 613. [18] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ വർഷത്തിൽ പുതിയതായി എത്ര നാഷനൽ എക്സ്റ്റൻഷൻ സർവ്വീസുകൾ ആരംഭിക്കുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ട്;

(ബി) ഇവകൊണ്ടു പ്രധാനമായും എന്തെല്ലാം പ്രയോജനങ്ങൾ ഉടനെ ജനങ്ങൾക്കു ലഭിക്കുമെന്നാണു ഗവണ്മെന്റുദ്ദേശിക്കുന്നതു്;

(സി) ഒരു എൻ. ഇ. എസ്സ്. സെന്ററിനു എന്തുതുകവീതം ചെലവഴിക്കുവാനാണു ഉദ്ദേശിച്ചിട്ടുള്ളതു്;

(ഡി) വൈക്കം നിയോജകമണ്ഡലത്തിൽക്കൂടി ഈ വർഷത്തിൽ എൻ. ഇ. എസ്സ്-ന്റെ പ്രവർത്തനമാരംഭിക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, ചോദ്യം 18 (ബി)-യുടെ ഉത്തരം ഇതുവരെ പറഞ്ഞിട്ടില്ല. അതുകൊണ്ടു അതിനുത്തരം കിട്ടണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മുഖ്യമന്ത്രി ശ്രീ. എ. താണുപിള്ള:

(ബി) 1. നല്ല ഇനം വിത്തുകളും വളങ്ങളും കൊടുത്തും പുതിയ കൃഷി രീതികൾ കാണിച്ചുകൊടുത്തും കൃഷി വായ്പകൾ കൊടുത്തും ജലാധാരമാർഗ്ഗങ്ങൾ നന്നാക്കിയും കാർഷികോല്പന്നങ്ങളുടെ വിളവു വർദ്ധിപ്പിക്കുകയും തന്മൂലം കൃഷിക്കാരന്റെ ക്രയശക്തി വർദ്ധിപ്പിക്കുകയുമാണു പ്രധാനമായ ഉദ്ദേശം.

2. ചെറുകിട വ്യവസായങ്ങൾ, കുടിൽ വ്യവസായങ്ങൾ ഇവ വായ്പകൾ മൂലവും പുതിയ രീതികളുടെ പ്രചരണംമൂലവും പ്രോത്സാഹിപ്പിച്ചു കൂടുതൽ തൊഴിൽ സൃഷ്ടിക്കുകയും ആദായം വർദ്ധിപ്പിക്കുകയും ചെയ്യുകയാണു മറ്റൊരു ഉദ്ദേശം.

3. ഗ്രാമീണരുടെ ആരോഗ്യം, ഗതാഗതമാർഗ്ഗങ്ങൾ മുതലായവ നന്നാക്കുക, സാമൂഹ്യവിദ്യാഭ്യാസംമൂലം ഗ്രാമീണരുടെ ജീവിതരീതിയുടെ കുറവുകൾ പരിഹരിക്കുക, ഗ്രാമീണരുടെ പ്രശ്നങ്ങൾക്കു അവരവർ ഒരുമിച്ചുകൂടി പരിഹാരമുണ്ടാക്കുന്ന ഒരു മനഃസ്ഥിതി സൃഷ്ടിക്കുക മുതലായവ ഈ പദ്ധതിയുടെ ഉദ്ദേശങ്ങളിൽപ്പെടുന്നു.

പമ്പിംഗ് സബ്സിഡി.

* 614. [19] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കുട്ടനാട്ടിലെ കായൽകൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡിയായി ഏക്കറിന് എന്തുതുക ഗവണ്മെന്റിൽനിന്നു നൽകുന്നുണ്ട്;

(ബി) കുട്ടനാട്ടിലെ മററു പുഞ്ച നിലങ്ങൾക്ക് പമ്പിംഗ് സബ്സിഡിയായി ഏക്കറിന് എന്തു തുക നൽകിവരുന്നു;

(സി) കായൽനിലങ്ങളിൽ ഏക്കറിനു ശരാശരി എത്ര പറ നെല്ലുവിളയും; പുഞ്ചനിലങ്ങളിൽ ശരാശരി ഏക്കറിന് വിളവെത്ര;

(ഡി) കായൽകൃഷിക്കാർക്കു പമ്പിംഗ് സബ്സിഡി കൂടാതെ മററെന്തെങ്കിലും ആനുകൂല്യങ്ങൾ ഗവണ്മെന്റിൽനിന്നും ചെയ്തുകൊടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയെന്തു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ പി. എസ്സ്. നടരാജപിള്ള):

(എ) പരസ്യമായ ലേലപ്രകാരമോ കൃഷിക്കാർ തമ്മിൽ യോജിച്ചുണ്ടാകുന്ന ഉടമ്പടിയനുസരിച്ചോ ഏക്കറിനു നിശ്ചയിക്കുന്ന പമ്പിംഗ് ചാർജ്ജിന്റെ കാൽഭാഗം സബ്സിഡിയായി കൊടുക്കുന്നുണ്ട്.

(ബി) കായൽ നിലങ്ങൾക്ക് നൽകിവരുന്ന ക്രമത്തിനുതന്നെ പുഞ്ചനിലങ്ങൾക്കും സബ്സിഡി കൊടുക്കുന്നുണ്ട്.

(സി) കായൽ നിലങ്ങളിൽ ഏക്കറിനു ശരാശരി 12 പറയും പുഞ്ചനിലങ്ങളിൽ 9 പറയും വിളയും.

(ഡി) ഉണ്ട്. വെള്ളപ്പൊക്കം മൂലവും മററു അവിചാരിതമായ കാരണങ്ങളാലും മടവീഴ്ച മുതലായ നാശങ്ങളുണ്ടാകുമ്പോൾ അർഹരായിട്ടുള്ള കർഷകർക്ക് സൗജന്യനിരക്കിൽ വിത്ത്, വളം മുതലായവ നൽകിയിട്ടുണ്ട്. ചുരുക്കം ചില സന്ദർഭങ്ങളിൽ മടയടയ്ക്കുക, വെള്ളം ഒരിക്കൽ വററിക്കുക മുതലായ ചെലവിന്റെ പകുതി സൗജന്യമായി ഗവണ്മെന്റു നൽകിയിട്ടുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: കൃഷികഴിഞ്ഞതിനുശേഷമാണോ സബ്സിഡി കൊടുക്കുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതെ.

ശ്രീ. സി. കെ. വിശ്വനാഥൻ: കൃഷിക്കാരെ സഹായിക്കുന്നതിനു സബ്സിഡി കൊടുക്കുന്നതു് കൃഷി കഴിഞ്ഞതിനുശേഷം കൊടുത്താൽ അവർക്ക് പ്രയോജനപ്പെടുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: വളരെ പ്രയോജനകരമാണ് സർ.

ശ്രീ. സി. കെ. വിശ്വനാഥൻ: അവർ കൃഷി ചെയ്തു കഴിഞ്ഞതിനുശേഷം സഹായധനം കൊടുക്കുന്നതു എന്തിനുവേണ്ടിയാണ്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സാധാരണ വേലചെയ്തു കഴിഞ്ഞതിനുശേഷമാണ സർ, കൂലി കൊടുക്കുന്നതു്.

ശ്രീ. സി. കെ. വിശ്വനാഥൻ: സാമ്പത്തിക കഴിവില്ലാത്തവക്ക് അവരുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനല്ലേ ധനസഹായം ചെയ്യേണ്ടതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സാമ്പത്തികമായ സഹായങ്ങൾ ആവശ്യമുള്ളവർ അതിന് വേറെ വിധത്തിൽ ധനസഹായം ആവശ്യപ്പെടണം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: കായൽ നിലങ്ങളിൽനിന്നും ഏക്കറിനു 12 പറ നെല്ല് വിളയുമെന്നും പുഞ്ചനിലങ്ങളിൽ ഏക്കറിനു 9 പറ നെല്ലു വിളയുമെന്നും പറഞ്ഞതു് ആരുടെ കണക്കാണു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു് പുഞ്ച സ്പെഷ്യലാഫീസറാണു് പറഞ്ഞതു്.

> "Taken individually, the yield in punja lands in Kartigapally, Thiruvalla and Mavelikara and the kayal lands yield a little less but when the average is taken, the figure given is correct, the measure being 9 paras and 7 paras respectively, but for the whole, it may be put as 12 standard paras in kayal lands and 9 standard paras in punjas."

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഒരേക്കർനിലം വിതയ്ക്കാൻ എത്ര വിത്തു വേണമെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: 3 ഇടങ്ങഴി വിത്തുകൊണ്ടു വിതയ്ക്കാം. എന്നാൽ 6 ഇടങ്ങഴി വിത്തു നനയ്ക്കാറുണ്ട്.

കണ്ണൻദേവൻ കമ്പനിയിലെ ആദായം

*615. [20] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കണ്ണൻദേവൻ കമ്പനിയിലെ 1953-54-ലെ വരുമാനം എന്താണെന്നു സക്കാരിനു പറയാമോ;

(ബി) ഈ കമ്പനിസ്ഥലത്തുനിന്നും ഭൂനികുതി കൂടാതെ മററു വരുമാനം വല്ലതും സക്കാരിനുണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്നും തുക എന്താണെന്നും പറയുമോ;

(സി) കണ്ണൻദേവൻ കമ്പനിവക സ്ഥലത്തുനിന്നും എന്തു ഭൂനികുതി കിട്ടുന്നു എന്നു പറയുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) അതേപ്പററിയുള്ള കണക്ക് ഗവണ്മെൻറിൻെറ പക്കൽ ഇല്ല.

(ബി) ഉണ്ട്. കാർഷികാദായനികുതിയും, വില്പന നികുതിയും. ഈ ഇനത്തിലുള്ള ഗവണ്മെൻറു വരുമാനം എത്രയെന്നുള്ളതു് പറയുവാൻ നിലവിലിരിക്കുന്ന വില്പന നികുതി, കാർഷികാദായനികുതി ചട്ടങ്ങൾ അനുവദിക്കുന്നില്ല.

(സി) 2,12,318 രൂ. 8 അ. 6 സ.

ശ്രീ. കെ. സി. ജാർജ്ജ്: ആ കണക്കുകൾ വരുത്തി പരിശോധിക്കുന്നതിനു ഗവണ്മെന്റിനു സാധിക്കുമോ?

Shri P. S. Nataraja Pillai: That is a company registered in the Sterling area. It is not governed by the Indian Companies' Act.

ശ്രീ. കെ. സി. ജാർജ്ജ്: അങ്ങിനെയായിരുന്നെങ്കിൽ ഈ ചോദ്യത്തിനു മറുപടി പറയുന്നതിനു സാദ്ധ്യമാകുമായിരുന്നല്ലോ.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതിന്റെ കണക്കുകൾ ഇപ്പോൾ ഗവണ്മെന്റിന്റെ കൈവശമില്ല.

ശ്രീ. കെ. എം. ജാർജ്ജ്: കണ്ണൻദേവൻ കമ്പനിവക തോട്ടങ്ങൾ ബർളാ വിലയ്ക്കു വാങ്ങിക്കാൻപോകുന്നതായി അറിയാമോ?

Shri P. S. Nataraja Pillai: That is an information. I thank the hon. friend for it.

ശ്രീ. പി. വി. അവിരാതരകൻ: അവരുടെ ഉൽപ്പന്നങ്ങൾ പലതും ഇംഗ്ലണ്ടിലാണ് കച്ചവടം നടത്തുന്നതെന്നറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ചിലതെല്ലാം ആണെന്നറിയാം.

ശ്രീ. കെ. എം. ജാർജ്ജ്: ഇവിടെ കുടിപാർപ്പിനും, കൃഷിക്കും സ്ഥലം മതിയാകാതെയിരിക്കുന്നതുകൊണ്ട് ഈ കമ്പനിവക സ്ഥലങ്ങൾ ഗവണ്മെന്റിൽനിന്നും വാങ്ങുന്നതിനു വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതൊരു നിയമപ്രശ്നമാണ്. അതു നോക്കണം.

ശ്രീ. കെ. എം. ജാർജ്ജ്: ഈ രാജ്യത്തിനു പുറത്തുള്ളവർ ഇതു വാങ്ങിക്കാതിരിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ശ്രമിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതേ സംബന്ധിച്ച് വേണ്ടതാലോചിക്കാം. അങ്ങിനെ വിൽക്കാൻതന്നെ അവർക്ക് പൂർണ്ണമായ അവകാശമുണ്ടോയെന്നുള്ളതും ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. കെ. എം. ജാർജ്ജ്: ബർളായുടെ ഒരാൾ കമ്പനിയിൽവന്നു താമസിച്ച് വിവരങ്ങൾ അപ്പോഴപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കുമോ?

Shri P. S. Nataraja Pillai: I thank the member for the information.

ശ്രീ. കെ. എം. ജാർജ്ജ്: അതേപ്പറ്റി ഗവണ്മെന്റന്വേഷിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അന്വേഷിക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കണ്ണൻദേവൻ കമ്പനിയിൽ കണ്ണന്റെയും, ദേവന്റെയും പൂർവ്വചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട് എന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

Shri P. S. Nataraja Pillai: I have not made any philological researches in the matter.

ശ്രീ. എം. വി. ചെറിയാൻ: ഈ കമ്പനി കാഴ്ചികാരമായനികുതി വല്ലതും ഗവണ്മെന്റ ലെയ്ക്ക് കൊടുക്കുന്നുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: എന്താദായം അവർ തരുന്നു എന്നുള്ള വിവരം പരസ്യപ്പെടുത്താൻ നിവൃത്തിയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: അവർ അടിസ്ഥാനനികുതിയാണോ തരുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതേ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഇതിനു മുമ്പ് അവർ എത്ര നികുതിയാണ് കൊടുത്തുകൊണ്ടിരുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: മുമ്പ് ബേസിക് ടാക്സ് മാത്രമായിരുന്നില്ല.

ശ്രീ. എം. പി. മേനോൻ: വിദേശികൾക്ക് ഇത്തരം ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിനെ തടയണമെന്നു വിചാരിക്കുന്നുണ്ടോ; അതേ സംബന്ധിച്ച് ഗവണ്മെന്റിന്റെ നയമെന്താണ്?

Shri P. S. Nataraja Pillai: The policy of Government is to conserve the natural resources of the State within the State.

ശ്രീ. ടി. പി. സീതാരാമൻ: ഈ കമ്പനിയിലെ ഉൽപ്പന്നങ്ങൾ സ്റ്റെർലിംഗ് ഏരിയായിൽ വിൽക്കുന്നതുമൂലം നമുക്ക് സ്റ്റെർലിംഗ് ഏരിയായിൽനിന്നും ആനുകൂല്യങ്ങൾ വല്ലതും ലഭിക്കുന്നുണ്ടോ?

Mr. Speaker: That is altogether a different question.

തിരുവിതാംകൂർ-കൊച്ചിയിൽ താമസിക്കുന്ന അമേരിക്കാക്കാർ.

※ 616 [21] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) 1947-നു മുമ്പ് തിരുവിതാംകൂർ-കൊച്ചിയിൽ എത്ര അമേരിക്കാക്കാർ താമസിച്ചിരുന്നു;

(ബി) 1947-നു ശേഷം എത്ര അമേരിക്കാക്കാർ താമസമുണ്ട്;

(സി) ഇവർക്കാർക്കെങ്കിലും വയർലെസ് സെററ ഗവണ്മെന്റ് നൽകിയിട്ടുണ്ടോ;

(ഡി) ഇവക്ക് റൈഫിൾസ് ഉപയോഗിക്കുന്നതിനു ലൈസൻസ് ആവശ്യമില്ലേ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 43.

(ബി) ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിയിൽ 51 അമേരിക്കാക്കാർ താമസിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ആവശ്യമുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: അങ്ങിനെ താമസിക്കുന്ന മിഷനറിമാർക്ക് 7 റൈഫിൾസ് പാഴ്സൽ വന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: അറിഞ്ഞുകൂടാ, സർ.

ശ്രീ. കട്ടപ്പൻ കോയിക്കൽ: ആ എഴെണ്ണത്തിനും ലൈസൻസ് കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കട്ടപ്പൻ കോയിക്കൽ: അദ്ദേഹം വന്നിട്ടുള്ള 7 റൈഫിൾസും ലൈസൻസു കൂടാതെ ഉപയോഗിക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇല്ല.

കുണ്ടറ സിറാമിക് ഫാക്ടറി.

※ 617. [22] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1950 ഏപ്രിൽ മാസത്തിൽ കുണ്ടറ സിറാമിക് ഫാക്ടറി ഒരു ജാപ്പനീസ് വിദഗ്ദ്ധൻ സന്ദർശിക്കയുണ്ടായോ;

(ബി) ഈ വിദഗ്ദ്ധൻ ആരുടെ ക്ഷണനപ്രകാരമാണ് ഫാക്ടറി സന്ദർശിച്ചതു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ജപ്പാനിലെ Messrs. Nippon Gaishi Kaisha Ltd.-ലെ Managing Director Mr. Tsuchikawa സന്ദർശിക്കയുണ്ടായി.

(ബി) ഗവണ്മെൻറിൻെറ ആവശ്യപ്രകാരമാണ് സന്ദർശിച്ചതു്.

ശ്രീ. സി. ജി. സദാശിവൻ: അതനുസരിച്ചു് എന്തെങ്കിലും റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഒരു വിസിറ്റിനെ സംബന്ധിച്ചിടത്തോളമുള്ള പ്രിലിമനറി റിപ്പോർട്ടേ സമർപ്പിച്ചിട്ടുള്ളു.

ശ്രീ. സി. ജി. സദാശിവൻ: ഈ വിദഗ്ദ്ധൻെറ വിസിറ്റ സംബന്ധിച്ചു് ഒരു സ്റ്റേറ്റുമെൻറ് ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സർ, ഇതിനെപ്പററി എൻെറ കൈവശമുള്ള റിക്കാർഡു് ഞാൻ വായിക്കാം.

"As Electrical Insulators were then being manufactured in the Ceramic Factory, Government thought that it was desirable to get the advice of Mr. Tsuchikawa regarding manufacture of electrical goods in the Factory. Accordingly Mr. Tsuchikawa and party visited the Factory in April 1950. Government spent Rs. 861-5-0 towards the expenses in connection with their visit., That is the information I have. I do not remember the exact statement in the Audit Report. That is not with me at present.

ശ്രീ. സി. ജി. സദാശിവൻ: ഈ വിദഗ്ദ്ധൻെറ സന്ദർശനത്തിന് ഉണ്ടായിട്ടുള്ള ചെലവ് അദ്ദേഹത്തിൻെറ പക്കൽനിന്നോ, ഗവണ്മെൻറിൻെറ പക്കൽനിന്നോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഗവണ്മെൻറിൻെറ ചെലവാണു്.

ശ്രീ. സി. ജി. സദാശിവൻ: ഇങ്ങനെ ഗവണ്മെന്റിൽനിന്നും ചെലവാക്കിയതിനെ സംബന്ധിച്ചു വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: എന്റെ കയ്യിലുള്ള റിക്കാർഡ്സ് ആണ് വായിച്ചതു്.

ശ്രീ. സി. ജി. സദാശിവൻ: സർ, ഇതിനെ സംബന്ധിച്ചു് 1950-51-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറയുന്ന ഭാഗം ഞാൻ വായിക്കാം.

Administration Report-ൽ പറയുന്നതു് "A Japanese Expert and his party visited the Ceramic Factories in the State on 6th April, 1950 and a claim for Rs. 861 was preferred towards their travelling expenses. Though the tour was not arranged at the instance of the State Government and it was not proposed to avail of the Expert's advice, the amount was ordered to be paid ex-gratis and was disbursed during the year."

ഗവണ്മെന്റ് ആവശ്യപ്പെടാതെയുള്ള ഒരു സന്ദർശനമല്ലായിരുന്നോ അതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അങ്ങനെയല്ല. അതു് ഒരു മിസ്സ് കൺസെപ്ഷന് കാരണമാക്കിത്തീർക്കുന്നതുകൊണ്ടു് അതിനെപ്പറ്റിയുള്ള കാര്യം ഞാൻ വിശദമാക്കാം.

In January 1950, Mr. V. V. L. Rao, General Manager, Radio and Electricals Ltd., Madras informed this Government that Mr. Tsuchikawa, Managing Director of Messrs. Nippon Gaishi Kaisha Ltd., Japan, would be visiting India in 1950, to negotiate terms on which their Company would be prepared to undertake the manufacture of Ceramic Electrical Insulators, required in India. Mr. Rao also informed Government that he would be willing to get Mr. Tsuchikawa to Trivandrum if Government considered it necessary. On the basis of that, Government thought it would be advisable to take his advice and got him down.

ശ്രീ. സി. ജി. സദാശിവൻ: ഈ തുക വേണമെന്നു ആവശ്യപ്പെട്ടതു് ആരാണ്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇത്രയും തുക അദ്ദേഹത്തിന്റെ ട്രാവലിംഗ് എക്സ്പെൻസ് ആണ്.

ശ്രീ. സി. ജി. സദാശിവൻ: ഈ തുക ഗവണ്മെന്റിൽനിന്നും കിട്ടുമെന്നു പറഞ്ഞതു ആരാണെന്നാണ് എന്റെ ചോദ്യം.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു വന്നയാൾ തന്നെയാണ്.

Shri K. A. Balan: Sir, I rise to a point of order. There are two pieces of informations now supplied. Which of them should we believe? What is stated in the Audit Report is quite different from what the Minister has said just now.

Mr. Speaker: That is left to the hon. Members. They can come to their own conclusion in the light of the answers given on the floor of the House.

Shri R. Sankaranarayanan Tampy: Sir, the question was at whose instance this Expert visited the Factory, and the answer was that it was at the instance of the State Government. In the Audit Report it is stated that it was not at the instance of the State Government that the tour was arranged. Which of these are we to believe?

Mr. Speaker: If there is any contradiction in the statements of the Treasury Benches it is for the hon. Members to take appropriate action at the proper time. But I cannot allow any criticism or discussion on such matters during question hour.

ബ്രിട്ടീഷുകാർ നേരിട്ടു നടത്തുന്ന കമ്പനികൾ.

***618.** [23] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രിട്ടീഷുകാർ നേരിട്ടു നടത്തുന്നതും, അവർ പങ്കാളികളായിട്ടുള്ളതുമായ എത്ര കമ്പനികൾ ഈ രാജ്യത്തുണ്ടു്;

(ബി) എല്ലാത്തിലുംകൂടി ആകെ എന്തു മൂലധനം ഇപ്പോൾ ഉണ്ടു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ബ്രിട്ടീഷുകാർ നടത്തുന്ന ഏഴു കമ്പനികളുണ്ടു്. ഇതുകൂടാതെ, വെളിയിൽ രജിസ്റ്റർ ചെയ്തതും, ഈ സംസ്ഥാനത്തു് ശാഖകൾ ഉള്ളതുമായ ചില സ്ഥാപനങ്ങൾ ഉണ്ടു്. അതേപ്പറ്റിയുള്ള വിവരങ്ങൾ മുഴുവനും ലഭിച്ചിട്ടില്ല.

(ബി) ബ്രിട്ടീഷുകാർ നടത്തുന്ന ഏഴു കമ്പനികളിലായി 92,21,562 രൂപ മുടക്കിയിട്ടുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: അവർക്കു ഇവിടെ സ്ഥാപിതതാല്പര്യങ്ങൾ ഇല്ലാത്തതുകൊണ്ടു് ഈ കമ്പനികളിൽനിന്നു കിട്ടുന്ന തുകകൾ മുഴുവനും വെളിയിലേയ്ക്കു പോകുകയാണെന്നറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സ്ഥാപിതതാല്പര്യങ്ങൾ ഇപ്പോൾ ഇല്ലെങ്കിലും ഇവിടെ സ്ഥാപിതതാല്പര്യങ്ങളുള്ളവരായിത്തീരുന്നതിനാണു് എളുപ്പമുള്ളതു്.

ശ്രീ. സി. ജി. സദാശിവൻ: ഇവർ കൊല്ലംതോറും, വെളിയിലേയ്ക്കു കൊണ്ടുപോകുന്ന തുകകൾ ഈ സ്റ്റേറ്റിൽത്തന്നെ ചെലവാക്കേണ്ടതു് ആവശ്യമാണെന്നു ഗവൺമെന്റിനു തോന്നിയിട്ടുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: സ്റ്റേറ്റിനുവേണ്ടി ചെലവാക്കുകയാണെങ്കിൽ അതു നല്ലതുതന്നെ.

ശ്രീ. സി. ജി. സദാശിവൻ: ഈ സ്റ്റേറ്റിനുവേണ്ടി, അതായതു് തൊഴിലാളികളുടെ നന്മയ്ക്കുവേണ്ടി കമ്പനിയിൽനിന്നും വല്ല തുകയും അവരുടെ ശമ്പളത്തിനുപുറമെ കൊടുക്കുന്നുണ്ടോ എന്നു് അറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതിനെപ്പറ്റി റിക്കാർഡില്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. ജി. സദാശിവൻ : ഇവിടെ തൊഴിലില്ലായ്മയുണ്ട്, വ്യവസായങ്ങൾ പുതുതായി തുടങ്ങാൻ മൂലധനമില്ല, എന്നൊക്കെ ഗവണ്മെൻറ് പറയുമ്പോൾ ഈ കമ്പനിക്കാരിൽനിന്നും ഈ വക കാര്യങ്ങൾക്ക് കൂടി ഒരു സംഖ്യ മുടക്കണമെന്ന നിർദ്ദേശിക്കരുതോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : കമ്പനി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന തുക മുഴുവനും ചെലവിടുന്നതു് ഈ സ്റ്റേററിലാണ്. അതിൽനിന്നും കിട്ടുന്ന ആദായത്തെപ്പററിയാണെങ്കിൽ അവരെ നിർബ്ബന്ധിക്കാൻ വ്യവസ്ഥയില്ല.

നാഷണൽ എക്സ്റ്റെൻഷൻ കേന്ദ്രങ്ങൾ.

*619. [27] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു കഴിഞ്ഞ വർഷം എത്ര നാഷണൽ എക്സ്റ്റെൻഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) എവിടെയെല്ലാം ;

(സി) കർഷകർക്ക് ഇതുമൂലം എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) മൂന്ന്.

(ബി) അഗസ്തീശ്വരം, തിരുവല്ലാ, മൂവാററുപുഴ.

(സി) പല പ്രയോജനങ്ങളും ഉണ്ടായിട്ടുണ്ട്. എൻെറ കൈയിൽ ഒരു സ്റ്റേററുമെൻറുണ്ട്. അതു വായിക്കണമെങ്കിൽ വായിക്കാം.

മി. സ്പീക്കർ : ദീർഘമായ സ്റ്റേററുമെൻറാണെങ്കിൽ വായിക്കണമെന്നില്ല.

ശ്രീ. സി. ജി. സദാശിവൻ : വളരെ പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിലാണ് എൻ. ഇ. എസ്സ്. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതെന്ന പറഞ്ഞു. എന്നാൽ വേമ്പനാട്ടുകായലിൻെറ ഇടയ്ക്കുള്ള പാതിരാമണൽ എന്ന ദ്വീപിൽ ഒരു കേന്ദ്രം സ്ഥാപിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. താണുപിള്ള : അതിനെപ്പററി ആലോചിക്കാം.

ശ്രീ. എം. വി. ചെറിയാൻ : എൻ. ഇ. എസ്സ്. പദ്ധതിയനുസരിച്ച് മൂവാററുപുഴ കരെ തെങ്ങിൻതൈകൾ വിതരണം ചെയ്തിട്ടുള്ളതിൽ കവിഞ്ഞു മററ യാതൊരു പ്രവർത്തനവും നടന്നിട്ടില്ലെന്നറിയാമോ?

ശ്രീ. എ. താണുപിള്ള : തെങ്ങിൻതൈ മാത്രമേ മൂവാററുപുഴ കൊടുത്തിട്ടുള്ളുവെന്ന പറഞ്ഞാൽ എത്രത്തോളം ശരിയാണെന്നുള്ളതിലേയ്ക്ക് എൻെറ കൈവശം ഇപ്പോൾ റിക്കാർഡില്ല.

ശ്രീ. എം. വി. ചെറിയാൻ : ഈ പ്രവർത്തനം തുടങ്ങിയിട്ട് മൂന്നു വർഷക്കാലമായിട്ടും ഊർജ്ജിതത്തിൽ വരുത്തുന്നതിന് സെക്രട്ടറിയേററിൽനിന്നും വേണ്ടപോലെ പ്രവർത്തിക്കുന്നില്ലെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: വേണ്ടപോലെ പ്രവർത്തിച്ചിട്ടില്ലെങ്കിൽ വേണ്ടതു ചെയ്യാവുന്നതാണ്.

ശ്രീ. എം. എ. ആന്റണി: എൻ. ഇ. എസ്സ്. സംബന്ധിച്ചുള്ള നടത്തിപ്പിനു ഒരു കേന്ദ്രക്കമ്മിററിയെ നിയമിച്ചിട്ടില്ലേ?

ശ്രീ. എ. താണുപിള്ള: ഉണ്ട്.

ശ്രീ. എം. എ. ആന്റണി: ആ കേന്ദ്രക്കമ്മിററിയാണോ, എൻ. ഇ. എസ്സ്. കേന്ദ്രങ്ങൾ എവിടെയെല്ലാം വേണമെന്നു നിശ്ചയിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: അതെ.

ശ്രീ. എം. എ. ആന്റണി: കേന്ദ്രക്കമ്മിററിയിൽ അനുദ്യോഗസ്ഥമെംബറന്മാരുണ്ടോ?

ശ്രീ. എ. താണുപിള്ള: ഉണ്ട്.

ശ്രീ. എം. എ. ആന്റണി: കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനം നടത്തുന്ന പ്രദേശങ്ങൾക്കു സമീപംതന്നെ എൻ. ഇ. എസ്സ്. കേന്ദ്രങ്ങളും സ്ഥാപിച്ചു നടത്തുന്നതു കൂടുതൽ പ്രയോജനകരമല്ലേ?

ശ്രീ. എ. താണുപിള്ള: വികസനസാദ്ധ്യതയില്ലാത്ത മററു സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതായിരിക്കും നല്ലതെന്നാണ് ഗവൺമെന്റു കരുതുന്നതു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ആരംഭിക്കാൻ പോകുന്ന പുതിയ കേന്ദ്രങ്ങൾ എവിടെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററി റിപ്പോർട്ടുകിട്ടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ബാക്കവേഡ്ക്ലാസ്സ് ഭൂരിപക്ഷം അധിവസിക്കുന്ന കടപ്പുറങ്ങളിൽ കൂടി ഒരു എൻ. ഇ. എസ്സ്. കേന്ദ്രമാക്കാമോ?

മി. സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്.

*620. [28] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953–54 വർഷത്തിൽ ആകെ എത്ര ഉദ്യോഗാർത്ഥികൾ എംപ്ലായ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്ര ഒഴിവുകൾ സംസ്ഥാനത്തെ എക്സ്ചേഞ്ചുകളിൽ അറിയിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ വർഷത്തിൽ എത്ര ഉദ്യോഗാർത്ഥികൾക്കു ഉദ്യോഗം ലഭിച്ചു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) 21,733 പേർ.

(ബി) 3,937 ഒഴിവുകൾ.

(സി) 3,317 പേർക്കു ഉദ്യോഗം ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. ഗോപാലൻ: ഏതെല്ലാം സ്ഥലത്തുള്ള എംപ്ലോയ്മെന്റ എക്സ്ചേഞ്ച് ആഫീസുകളാണ് ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതു?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇപ്പോൾ തിരുവനന്തപുരത്ത് ഒരു ആഫീസുണ്ട്. അതുപോലെതന്നെ എറണാകുളത്തും ഒരാഫീസുണ്ട്. എന്നാൽ എറണാകുളത്തുള്ള ആഫീസ് ഇങ്ങോട്ടു മാററുന്നതിനുള്ള ഏർപ്പാടു നടന്നുവരികയാണ്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: എറണാകുളത്തുള്ള എക്സ്ചേഞ്ച് ആഫീസ് തിരുവനന്തപുരത്തേയ്ക്കു മാററുന്നതുകൊണ്ട് അവിടത്തുകാർക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാവുമെന്നറിയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതു 'നിശ്ചയിക്കേണ്ടതു' സെൻട്രൽ എംപ്ലായ്മെന്റ എക്സ്ചേഞ്ചുകാരാണ്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: എറണാകുളത്തുനിന്നും ഈ ആഫീസ് മാററാൻ പാടില്ലെന്നു് ഈ ഗവൺമെൻറിനു് ശുപാർശ ചെയ്യാൻ സാധിക്കുകയില്ലേ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതിനെപ്പററി ആലോചിക്കാം.

ശ്രീ. എം. പി. മേനോൻ: അങ്ങനെ തിരുവനന്തപുരത്തേയ്ക്കു മാററുകയാണെങ്കിൽ എറണാകുളത്തുള്ള വില്ലിംഗ്ടൺ ഐലൻഡിൽ ഉദ്യോഗാർത്ഥികളുടെ പേരു് രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നൽകുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആ കാര്യത്തെപ്പററി ആലോചിക്കാം.

ശിശുകലാപ്രദർശനം.

✱ 621. [30] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർട്ടൂണിസ്റ്റ് ശ്രീ. ശങ്കർ 27-7-53-ൽ തിരുവിതാംകൂർ വിമൻസ് കാളേജിൽവച്ചു നടത്തിയ ശിശുകലാപ്രദർശനത്തിനു ഗവൺമെൻറിൽനിന്നു വല്ല സഹായവും ചെയ്തിട്ടുണ്ടോ;

(ബി) ശിശുക്കളുടെ കലാവാസനയെ പ്രോത്സാഹിപ്പിക്കുന്നതിനു ഗവൺമെൻറിനു് വല്ല പദ്ധതിയും ഉണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ശിശുകലാപ്രദർശനത്തിന്റെ സകല ഏർപ്പാടുകളും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ മുഖേനയാണു നടത്തിയതു്. അതിലേയ്ക്കു 1687 രൂപ ചെലവാക്കുകയും ചെയ്തു;

(ബി) സെക്കൻഡറി എഡ്യൂക്കേഷൻ പുനഃസംവിധാനത്തെപ്പററി ആലോചിക്കുമ്പോൾ ഇവയെപ്പററിയും ഗൗനിക്കുന്നതാണ്.

ശ്രീ. പി. ഗോപാലൻ: ഏതെല്ലാം രാജ്യങ്ങളിലുള്ള കുട്ടികളുടെ ചിത്രങ്ങളാണ് പ്രദർശിപ്പിച്ചിട്ടുള്ളതെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല

ജയിൽ പരിഷ്കരണക്കമ്മിറ്റി.

\# 622. [31] ശ്രീ. എം. പി. മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ പരിഷ്കരണക്കമ്മിറ്റിയുടെ ഇടക്കാലറിപ്പോർട്ട് എന്തെങ്കിലും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ പ്രധാന നിർദ്ദേശങ്ങൾ ഏവ;

(സി) ഈ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉടൻ നടപ്പിൽ വരുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) ആ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് അനുബന്ധിച്ചിരിക്കുന്നതു് ഞാൻ വായിക്കാം.

Mr. Speaker: Do you want it to be read?

Shri M. P. Menon: Only a gist not the exhaustive list.

Shri A. Thanu Pillai:

"1. All prisoners on remand, or under trial should be detained in sub-jails, and they should not be kept in police station lock-ups.

2. All under-trial prisoners, short-term prisoners, prisoners who have the right to appeal against their conviction and sentence, and those on transit and taken for giving evidence should be accommodated in sub-jails.

3. Scientific investigation of crimes should be resorted to by the Police.

4. Police should have no contact with an under-trial prisoner, normally.

5. On account of certain circumstances over which the Committee have no control for the immediate opening of sub-jails throughout the State, they have to be divided into two classes 'A' and 'B'.

6. Fourteen 'A' class and seven 'B' class sub-jails in the following places have to be opened.

'A' Class.

Nagercoil,	Meenachil,
Thuckala,	Moovattupuzha,
Trivandrum,	Alwaye,
Quilon,	Ernakulam,
Mavelikkara,	Mattancherry,
Alleppey,	Irinjalakuda, and
Kottayam,	Trichur.

'B' Class.

Kottarakara,
Punaloor,
Shencottah,
Peermade,
Devikulam.
Pathanamthitta, and
Chittur.

7. Thondi articles should be moved from police stations.

8. The Inspector-General of Prisons should be the controlling officer of the sub-jails.

9. The sub-jails should be put in charge of the Senior Magistrate in each locality, excluding the District Magistrate, and he would be the Ex-officio Superintendent. He would get a monthly allowance.

10. The Ex-officio Superintendent should be under the direct control of the Inspector-General of Prisons, so far as his work in the sub-jail is concerned.

11. The outside guarding of the 'A' class sub-jails should be by armed trained warders and 'B' class by the Police.

12. In 'B' class sub-jails the present system of procuring food by contractors, may be continued.

13. Though there is nothing unethical or unmoral in compelling an able bodied, but unwilling under-trial prisoner to do some sort of congenial work, the Committee feel that methods of persuasion and incentives to work would make all prisoners to do work.

14. Small amount shall be paid to those who do work as an incentive.

15. Under-trial prisoners, can have their own clothing. But those who are unable to get such clothing, should be supplied at Government cost, at the rate of two mundus and two thorthus for a male and two sarees and two rowkeys and a thorthu for a female per year.

Sir, shall I read the whole?

Mr. Speaker: No.

ശ്രീ. എ. താണുപിള്ള: (സി) ഈ കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

പോലീസ് മർദ്ദനം.

* 623. [32] ശ്രീ. എം. പി. മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954 മാർച്ച് 16-ാംനു- മുതൽ മേയ് 30-ാംനു- വരെയുള്ള കാലത്തിനിടയ്ക്കു് സംസ്ഥാനത്താകെ പോലീസ് മർദ്ദനത്തെപ്പററി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഏവ ഏതെല്ലാം;

(സി) എടുത്തിട്ടുള്ള നടപടികൾ ഏവ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) 69.

(ബി) കോട്ടയം	ഡിസ്ട്രിക്ട്	15
കൊല്ലം	,,	24
തിരുവനന്തപുരം	,,	12
തൃശ്ശൂർ	,,	18

(സി) കോട്ടയം ഡിസ്ട്രിക്ടിൽ രണ്ടെണ്ണത്തിൽ കുററക്കാരെ ശിക്ഷിച്ചു; അഞ്ചെണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടില്ല. എട്ടെണ്ണത്തിൽ പരാതി ശരിയല്ലെന്നു തെളിഞ്ഞു.

കൊല്ലം ഡിസ്ട്രിക്ടിൽ അഞ്ചെണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടില്ല. പതിനേഴെണ്ണം ശരിയല്ലെന്നു തെളിഞ്ഞു. രണ്ടെണ്ണത്തെക്കുറിച്ച് കോടതിയിൽ കേസു നിലവിലിരിക്കുന്നു.

തിരുവനന്തപുരം ഡിസ്ട്രിക്ടിൽ പത്തെണ്ണം ശരിയല്ലെന്നു തെളിഞ്ഞു ഒരെണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടില്ല. ഒരെണ്ണത്തെക്കുറിച്ച് കോടതിയിൽ കേസു നിലവിലിരിക്കുന്നു.

തൃശ്ശൂർ ഡിസ്ട്രിക്ടിൽ നാലെണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടില്ല. പതിന്നാലെണ്ണം അന്വേഷണത്തിൽ ശരിയല്ല എന്നു തെളിഞ്ഞു.

ശ്രീ. എം. പി. മേനോൻ: ശിക്ഷ നൽകിയെന്നു പറഞ്ഞു. അതു് എന്തു ശിക്ഷയാണ് എന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഒരാളെ സസ്പെൻറു ചെയ്തതായി കാണുന്നുണ്ട്. പിന്നെ ഒരാളെ ശിക്ഷിച്ചോ എന്നു കാണുന്നില്ല. അതിനെക്കുറിച്ചു ഗവണ്മെൻറിനു ഇൻഫർമേഷൻ ഇല്ല.

ശ്രീ. എം. പി. മേനോൻ: ഏതു രീതിയിലുള്ള അന്വേഷണമാണു നടത്തിയതെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഡിപ്പാർട്ടുമെൻറലായിട്ടുള്ള അന്വേഷണമാണ് നടത്തിയതു്.

ശ്രീ. എം. പി. മേനോൻ: പോലീസ് നടപടിയെ സംബന്ധിച്ച് പോലീസ് മർദ്ദനത്തെ സംബന്ധിച്ച്, എന്തെങ്കിലും സർക്കുലർ ഈ പുതിയ ഗവണ്മെൻറ് അയയ്ക്കുകയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഒന്നും അയച്ചിട്ടില്ല.

ശ്രീ. എം. പി. മേനോൻ: പോലീസുമർദ്ദനം കുറയ്ക്കുന്നതിനാവശ്യമായ നടപടിയെടുക്കുന്നതാണെന്നു കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പുതന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: അതിനു വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ: പോലീസുനടപടിയെ സംബന്ധിച്ച് 69 പരാതികൾ വന്നിട്ടു അതിൽ പകുതിയിലധികം പരാതികൾ ശരിയല്ലെന്നു തെളിഞ്ഞു എന്നു പറഞ്ഞിട്ടുണ്ട്. ശരിയല്ലെന്നു തെളിഞ്ഞു എന്നു പറഞ്ഞിട്ടുള്ളതു് ശരിയല്ലെന്നു സമ്മതിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറുണ്ടോ?

ശ്രീ. എ. താണുപിള്ള: സമ്മതിക്കുവാൻ തയ്യാറില്ല.

ശ്രീ. എം. പി. മേനോൻ: പോലീസ് മർദ്ദനം മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കുറവാണോ?

ശ്രീ. എ. താണുപിള്ള: ഇപ്പോൾ കുറവാണ്.

ശ്രീ. എം. പി. മേനോൻ: എന്തു കണക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് പോലീസ് നടപടിയെ സംബന്ധിച്ചുള്ള പരാതികൾ കുറഞ്ഞിട്ടുണ്ടെന്നു ഗവണ്മെന്റ് പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള: മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കുറവാണ്.

ശ്രീ. എം. പി. മേനോൻ: ശരാശരി ഒരു മാസത്തിൽ, ഈ ഗവണ്മെന്റ് ചാർജ്ജെടുത്തതിനുശേഷം, പോലീസുകാരുടെ നടപടിയെപ്പറ്റി എത്ര പരാതികൾ വീതം വരാറുണ്ട് എന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതിനു വേറെ ഒരു ചോദ്യം അയച്ചാൽ മറുപടി പറയാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഒരു ചോദ്യത്തിനു ഉപചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുമ്പോൾ പല ആളുകളും ചോദ്യം ചോദിക്കുവാൻ എഴുന്നേൽക്കുന്നുണ്ട്. ആ സമയത്തു് ഒരു മെംബർ തന്റെ ചോദ്യം പ്രാമാണ്യമുള്ളതാണ്, അത്യാവശ്യമുള്ളതാണ് എന്നു പറഞ്ഞാൽ ആ ആളെ ചോദ്യം ചോദിക്കുവാൻ സ്പീക്കർ അനുവദിക്കുന്നു. മറ്റു മെംബറന്മാരെ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു. ഇതു ശരിയാണോ എന്നറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ: സ്പീക്കർ എന്തു തീരുമാനം എടുത്താലും അതിനെ ചോദ്യംചെയ്യുവാൻ ആർക്കും അവകാശമില്ല. ആളെ നോക്കാതെ ആർക്കു വേണമെങ്കിലും വളരെ നിർബന്ധമുള്ള കാര്യങ്ങൾ അനുവദിക്കും.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട സ്പീക്കർ ചിലരെ ചോദ്യം ചോദിക്കുവാൻ അനുവദിച്ചതും ചിലരെ അനുവദിക്കാതിരുന്നതും പക്ഷപാതപരമാണെന്നു പറയുന്നതു് അനുവദിക്കാമോ?

Mr. Speaker: No hon. Member can question the ruling of the Speaker.

Shri N. Raghava Kurup: I was not questioning the ruling of the Speaker, but only seeking an explanation.

ശ്രീ. കെ. എം. ജാർജ്ജ്: മൂന്നു ദിവസം മുമ്പ് കൂത്താട്ടുകുളം പോലീസ്സ്റ്റേഷനു അടുത്തുള്ള എലഞ്ഞി എന്ന സ്ഥലത്തുവച്ച് ചില പാവങ്ങളെ പോലീസുകാർ ഉപദ്രവിച്ചു എന്നു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: നോട്ടീസു വേണം.

ദുരിതാശ്വാസനിധി.

*624. [33] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെപറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി എങ്ങനെ ഉപയോഗിച്ചു വെന്നു് പറയാമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നു ചില അവിചാരിതമായുണ്ടായ ക്ഷാമം, വെള്ളപ്പൊക്കം മുതലായ ദുരിതാശ്വാസം നൽകുന്നതിനു പണം വിനിയോഗിച്ചിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഒന്നു ഭേദിക്കാമോ? (ചിരി)

Mr. Speaker Order, order. There is only 5 minutes more. We shall not waste time by putting questions like that. We have got a short notice question.

SHORT NOTICE QUESTION

ശ്രീ. എൻ. വി. ചെറിയാൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഇന്നത്തെ ചോദ്യങ്ങളുടെ കൂട്ടത്തിലുള്ള 125-ം, 126-ം ചോദ്യങ്ങൾ ചേർത്തു ഞാൻ ഒരു ഷാർട്ട് നോട്ടീസ് ക്വസ്റ്റ്യനായി അയച്ചിരുന്നതായിരുന്നു. അതിനും കൂടി സമയം അനുവദിക്കേണ്ടതാണെന്നു അപേക്ഷിക്കുന്നു.

Mr. Speaker: This is not the time for raising such questions. Hon. Members must know that.

ടീച്ചേഴ്സ് ട്രെയിനിംഗ്.

* 1. [1] ശ്രീ. എൻ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടീച്ചേഴ്സ് ട്രെയിനിംഗ് പരീക്ഷയ്ക്കു് ഈ വർഷം എത്ര വിദ്യാർത്ഥിവിദ്യാർത്ഥിനികളെ തിരഞ്ഞെടുത്തിട്ടുണ്ടു്;

(ബി) അർഹതയുള്ള പല വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കും പ്രസ്തുത കോഴ്സിനു ചേരുന്നതിനു് അവസരം കിട്ടിയിട്ടില്ലെന്നുള്ള പരാതി ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(സി) ഇവരെ തിരഞ്ഞെടുക്കുന്നതു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ആണോ;

(ഡി) ആണെങ്കിൽ ഈ നിയമം മാററി അതാതു് ട്രെയിനിംഗ് സ്കൂളുകാർക്കുതന്നെ വിദ്യാർത്ഥിവിദ്യാർത്ഥിനികളെ തിരഞ്ഞെടുക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) 3860.

(ബി) ചില പരാതികൾ ലഭിച്ചിട്ടുണ്ടു്.

(സി) അദ്ധ്യാപകന്മാരല്ലാത്തവരെ പബ്ലിക്ക് സർവ്വീസ് കമ്മീഷനാണു് തിരഞ്ഞെടുക്കുന്നതു്. അദ്ധ്യാപകന്മാരെ ഡിപ്പാർട്ടുമെന്റിൽ നിന്നും തിരഞ്ഞെടുക്കുന്നു.

(ഡി) ഈ നിയമം ഭേദഗതി ചെയ്യുന്നകാര്യം ആലോചിക്കാം.

ശ്രീ. എൻ. ജി. ചാക്കോ: ഗവണ്മെന്റിനു ലഭിച്ചിട്ടുള്ള പരാതികളെപ്പറ്റി എന്തു നടപടി എടുത്തു എന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: ഡയറക്ടരോടു റിപ്പോർട്ടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു: അദ്ധ്യാപകന്മാരെ ട്രെയിനിംഗിനു തിരഞ്ഞെടുക്കുന്നതിന് ഡിവിഷൻ ഇൻസ്പെക്ടർമാർക്കു വല്ല അധികാരവും ഉണ്ടോ?

ശ്രീ. എ. താണുപിള്ള: ഡിപ്പാർട്ടുമെന്റിൽനിന്നു തിരഞ്ഞെടുക്കുന്നതു് ഡിവിഷൻ ഇൻസ്പെക്ടറന്മാരാണോ ഡയറക്ടരാണോ എന്നു അറിവില്ല.

ശ്രീ. കെ. സി. ജാർജ്ജ്: മാനേജ്മെന്റ് സ്കൂളുകളിൽ ഒരു ക്ലിപ്ത ശതമാനം അദ്ധ്യാപകന്മാരല്ലാത്ത വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുവാനുള്ള അധികാരം ഹെഡ്മാസ്റ്റർമാർക്കു വിട്ടുകൊടുക്കുന്നതു യുക്തമായിരിക്കുമെന്നു ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. സി. ജാർജ്ജ്: അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുമ്പോൾ ഇൻക്രിമെന്റ് കാര്യത്തിൽ ബാറുള്ളവർക്കു മുൻഗണന കൊടുക്കുവാൻ വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: സർവീസ് കൂടുതലുള്ളവരെ എടുക്കണമെന്നു നിർബ്ബന്ധമുണ്ടു്.

ശ്രീ. കെ. സി. ജാർജ്ജ്: സർവീസിൽ ഇരിക്കുന്നവർക്കു ചില സ്റ്റേജു കഴിഞ്ഞാൽ ഇൻക്രിമെന്റു കിട്ടണമെങ്കിൽ ട്രെയിനിംഗ് വേണമെന്നുണ്ടു്. അതിനു ബാർ എന്നു പറയും. അവർക്കു മുൻഗണന കൊടുക്കാമോ?

ശ്രീ. എ. താണുപിള്ള: അതിനു വേറെ ചോദ്യം വേണം.

ശ്രീ. ടി. കെ. ദിവാകരൻ: പോസ്റ്റ് ഗ്രാഡുവേറ്റ് കഴിഞ്ഞ ഏതാനും പേരെ എടുത്തിട്ടില്ല എന്നു അറിയാമോ?

ശ്രീ. എ. താണുപിള്ള: പോസ്റ്റ് ഗ്രാഡുവേറ്റുകാർ ആരാണ്?

ശ്രീ. ടി. കെ. ദിവാകരൻ: സാഹിത്യവിശാരദ് കഴിഞ്ഞതിനു ശേഷം ബി. എ. പാസ്സാകുന്ന ആളുകൾ.

WRITTEN ANSWERS.

Water Cess.

* 625. [38]. **Shri R. Ponnappa Nadar**: Will the Minister for Finance be pleased to state:

(*a*) whether the Government are prepared to stop the levy of water cess from the Kodayar Project areas; and

(*b*) were there not demands made by the people for stopping it?

Minister for Works and Transport **(Shri A. Achuthan)**:

(*a*) No.

(*b*) Yes.

Collection of Sales Tax.

✱ 626 [152] **Shri A. A. D. Luiz:** Will the Minister for Finance be pleased to state whether the Government will be pleased to constitute a Tribunal for disposing of all disputed matters connected with the collection of sales-tax in this State :

Minister for Finance (**Shri P. S. Nataraja Pillai**) : Government are considering the question of constituting a Sales-tax Appellate Tribunal.

കുടിൽ വ്യവസായങ്ങൾ.

✱ 627. [66] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിൽനിന്നും സഹകരണസംഘങ്ങൾവഴി ധനസഹായം ചെയ്യുന്ന കുടിൽവ്യവസായങ്ങൾ ഏതെല്ലാം;

(ബി) ഓരോന്നിനും അനുവദിച്ചിട്ടുള്ള ഗ്രാൻറ് എത്ര;

(സി) ഈ ഗ്രാൻറ് കൊടുത്തുകഴിഞ്ഞിട്ടുണ്ടോ;

(ഡി) ഏതെങ്കിലും കുടിൽവ്യവസായത്തിനു അനുവദിച്ച ഗ്രാൻറ് കിട്ടിയില്ലെന്നു പരാതി ഉണ്ടായിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) കരുപ്പട്ടി വ്യവസായം
തേനീച്ച വളർത്തൽ
കൈത്തറി നെയ്ത്തു വ്യവസായം
മരംകൊത്തുപണി വ്യവസായം
ഗ്രാമീണ എണ്ണ വ്യവസായം (ചക്കാട്ട്)

ഇതുകൂടാതെ താഴംപായ്, കോരംപായ്, കൂവമാവ്, കളിമൺ മുതലായ വ്യവസായങ്ങളെയും സഹകരണസംഘങ്ങൾവഴി പ്രോത്സാഹിപ്പിക്കാൻ ആലോചനയുണ്ട്.

1952—53.

(ബി)	കരുപ്പട്ടി വ്യവസായത്തിന്	രൂ.	25,000
	തേനീച്ച വളർത്തലിന്	,,	5,000
	എണ്ണ വ്യവസായം	,,	6,000
	കൈത്തറി നെയ്ത്തു വ്യവസായം	,,	1,00,000

1953—54.

	കരുപ്പട്ടി വ്യവസായം	,,	13,000
	വില്പന സഹകരണസംഘങ്ങൾക്ക്	,,	3,000
	തേനീച്ച വളർത്തൽ	,,	8,000
	മരം കൊത്തുപണി	,,	2,000
	കൂവമാവു വ്യവസായം	,,	500

(സി) കൂവമാവു വ്യവസായത്തിനുള്ള രൂ. 500 ഒഴിച്ച് ബാക്കി എല്ലാം കൊടുത്തിട്ടുണ്ട്. കൂവമാവ് വ്യവസായ ഇനത്തിൽ കൊടുക്കാനുള്ള ഗ്രാൻറു തുകയും കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല.

UNSTARRED QUESTIONS.

Public Offices

162. [3] **Shri K. M. George**: Will the Minister for Finance be pleased to state:

(*a*) How many Public Offices there are at Muvattupuzha which are housed in rented buildings ;

(*b*) what is the rent paid by Government on this account every month ;

(*c*) do this Government propose to construct a building to house all these Government Offices at Muvattupuzha ?

Answer.

(*a*) 19.

(*b*) Rs. 126 per mensem.

(*c*) At present there is no definite proposal to construct a building in Muvattupuzha. But Government have launched a general scheme to construct buildings at various taluk Head-quarters to accommodate all Government Offices.

Mr. Speaker: Order, order. Question time is over. We shall next pass on to Legislative Business.

Shri R. Sankaranarayanan Thampi: Sir, I raise a point of order. When oral answers are given by the Treasury Benches, sometimes they are contradictory to Government documents. There is a ruling of the Speaker that question time should not be utilised for discussing such answers. Sir, we are put in a rather unfortunate position. We cannot question the authenticity of the answers given by the Treasury Benches, because of the ruling of the Speaker. It is a ridiculous position so far as the Members are concerned, because the answers go unchallenged. I am not insisting upon a ruling from the Speaker just at present. The speaker may look up and give a ruling on a later date.

Shri P. S. Nataraja Pillai: There is a provision in the rules for a discussion on matters arising out of answers to questions. If only my hon friend had just looked into that rules, he would not have raised this point of order.

Shri M. P. Menon: Because there is rule 26, is it a license for Government to give contradictory statements ?

Mr. Speaker: I shall consider the point raised in the point of order and give a ruling later on.

Shri A. A. D. Luiz: Some of the questions sent in my name have not come up for answers. May I know whether the answers will be available during this session ?

Mr. Speaker: Yes, they will be available, if received during this session.

LEGISLATIVE BUSINESS.

THE TRAVANCORE-COCHIN FIXATION OF PADDY PRICES BILL.

Shri Talekkara K. Krishnan: I move for leave to introduce the Travancore-Cochin Fixation of Paddy Prices Bill.

Shri P. Gopalan: I second it.

Mr. Speaker: I believe the hon. Member has the leave of the House to introduce the Bill.

The question that leave be granted to introduce the Travancore-Cochin Fixation of Paddy Prices Bill, was put and carried.

Leave was granted.

Shri Panampilli Govinda Menon: No, Sir. Only leave has been granted. Now the Bill has to be published in the Gazette and then the Member should give a notice for a motion for introducing the Bill.

Mr. Speaker: So, he has only leave at this stage, and only after publication the Member has the right to introduce it in the House.

THE TRAVANCORE-COCHIN DEBT RELIEF BILL.

Shri P. V. Avira Tharakan: Sir, I beg leave of the House to introduce the Travancore-Cochin Debt Relief Bill.

Shri K. A. Balan: I second it.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഇതിൽ ബാങ്കുകളെ സംബന്ധിച്ചുള്ള കടവും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. "Objects and Reasons"-ൽ പ്രത്യേകം പറയുന്നുണ്ട്, "The Bill does not provide any exemptions in the case of banks" അപ്പോൾ അത് ബാങ്കുകളെയും ബാധിക്കും. അക്കാര്യം ഒരു സെൻട്രൽസബ്ജക്റ്റ് ആയിരിക്കുന്ന സ്ഥിതിക്ക് അത് ഇവിടെ അവതരിപ്പിക്കാമോ എന്നു സംശയമുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഇതിനെപ്പററി ഒരു കാര്യം എനിക്കു പറയുവാനുണ്ട്. ബഹുമാനപ്പെട്ട പത്തനാപുരം മെംബർ റെയിസ് ചെയ്തിരിക്കുന്ന പായിന്റ് ഓഫ് ഓർഡർ, ഈ നിയമം ബാങ്കിംഗ് കമ്പനികളെക്കൂടി ബാധിക്കുന്നതായതുകൊണ്ട് അക്കാര്യം സെൻട്രൽ പാർലമെന്റിന്റെ അധികാരപരിധിയിൽ വരുന്നതല്ലേ എന്നാണ്. അല്ലെന്നാണ് എനിക്കു തോന്നുന്നത്. ഈ സംസ്ഥാനത്ത് ഉണ്ടാകുന്ന കടങ്ങളെ സംബന്ധിച്ചും കടക്കാരനെ സംബന്ധിച്ചും മററു ചില നിയമങ്ങൾ ഉണ്ടാക്കുന്നതിനും നിർണ്ണയിക്കുന്നതിനുമുള്ള അധികാരം ഈ നിയമസഭയ്ക്കുണ്ട്. ആ അധികാരത്തെമാത്രം ബാധിക്കുന്ന ഒരു നിയമനിർമ്മാണമാണ് ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നത്. ഇപ്പോൾ ഇതു സംബന്ധിച്ച് വളരെ കാംപ്ലിക്കേഷൻ ആയുള്ള ഒരു റൂളിംഗ് കൊടുക്കുക എന്നു പറഞ്ഞാൽ കൂടുതൽ കാലതാമസം ഉണ്ടാക്കുക എന്നാണ് അർത്ഥം.

കൂടാതെ ഭരണഘടനയെ സ്പർശിക്കുന്ന ഏതെങ്കിലും ഭാഗം ഈ ബില്ലിൽ ഉൾക്കൊള്ളുന്നുണ്ടോ എന്ന് വിശദമായി ആലോചിച്ച് ഭേദഗതി വരുത്തുന്നതിനും ഭരണഘടനയ്ക്ക് വിധേയമായി ഈ ബിൽ മാററി എഴുതുന്നതിനും ഈ സഭയ്ക്കധികാരമുണ്ട്. അപ്പോഴും നമുക്ക് അക്കാര്യത്തെപ്പററി ചിന്തിക്കാവുന്നതാണ്. അക്കാര്യത്തെപ്പററി ഇപ്പോഴും പരിശോധിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. ഭാസ്കരൻനായർ: ഈ ബിൽ ആരും സെക്കൻഡ് ചെയ്തില്ലെന്നാണ് തോന്നുന്നു.

Mr. Speaker: Mr. Tharakan, you ask for leave and it is seconded by Mr. Balan.

Shri P. V. Avira Tharakan: Yes, Sir.

Mr. Speaker: Of course, there is nothing to prevent the House from granting leave for introducing the Bill.

Shri Kalathil Velayudhan Nair: I don't hear, Sir.

Mr. Speaker: There is no harm in leave being granted, because there is nothing in the bill which is in conflict with the constitution.

Shri Kalathil Velayudhan Nair: That is not very material. They may or may not object. But I want a definite ruling from the Chair on my point of order.

മി. സ്പീക്കർ: ലീവുകൊടുക്കുന്നതിൽ തകരാറൊന്നുമില്ലെന്നാണ് എന്റെ അഭിപ്രായം. And I find there is no opposition in the House to leave being granted.

Shri Panampilli Govinda Menon: Sir, in the agenda I find only motions for leave to introduce the Bill. As far as I understand, there are four stages; first, motion for leave to introduce, then if that is done, there is another motion for introduction, then for consideration and finally for the third reading. The Rules and Standing Orders distinctly say that in the case of private members' bills, after obtaining leave of the House for introduction, the Speaker should order publication of the Bill in the Gazette. Then, after the Bill is published under the orders of the Speaker in the Gazette, then alone will it come up for introduction. After having come up for introduction, it is for the mover to give notice and, for every notice, I believe three days' time is necessary. A notice for the next motion, namely, introduction, should be given. Then alone do members of the House generally look into the Bill. The convention in every House of Legislature is that at the time of grant of leave to introduce a Bill, generally, there is no opposition on the principle that the liberty to introduce a Bill in any House should not be curtailed. That is why, Sir, in the Standing Order it is stated that "if some motion is opposed, then the mover may make a short statement and the opposer may also make a short statement." But there should be no debate. If leave is granted to the hon. Member for Aroor, that means there is the

necessary sanction of the House to introduce the Bill after the Speaker has ordered publication of the Bill in the Gazette.

Mr. Speaker: Without interrupting the hon. Member, I may refer to Rule 36 which says:

> "As soon as may be after a Bill has been introduced, the Bill, unless it has already been published, shall be published in the Gazette."

Shri Panampilli Govinda Menon: That is so.

Mr. Speaker: Standing Order No. 30 says:

> "When a Bill is introduced, or on subsequent occasion, the member in charge may make one of the following motions in regard to his Bill, namely,—
>
> "(a) that it be taken into consideration by the Assembly either at once or at some"....and so on.

Shri Panampilli Govinda Menon: I am aware of that—publication after introduction. Now, introduction is not over. Here it is stated:

> "As soon as *may* be after a Bill has been introduced, the Bill, unless it has already been published, *shall* be published in the Gazette."

There, it is *shall*; before that, it is *may*. That is to say, now it is an enabling provision. The Speaker may order the publication. If necessary, I shall refer to that provision. I refer to Standing Order No. 29 on page 45 of the Assembly Manual:

> "If a motion for leave to introduce a Bill is opposed, the Speaker after permitting, if he thinks fit,"......there it is discretionary "a brief explanatory statement from the member who moves and from the member who opposes the motion, may without further debate put the question."

Then comes the introduction. In the agenda it is put as *leave to introduce*. The other is a distinct motion, that is *introduction*. There is nothing in the agenda in that respect. Notice should be given and unless the Members of the House are prepared to discuss the Bill, how can it be taken for discussion?

Introduced means, discussion. We have come here just to witness, so to say, the various movers of the Bills, moving the Bill and getting the leave of the House. That is a prerequisite for the introduction. That is why it is so often stated that a private member's Bill will have various stages to pass through. Under the rules now obtaining—you may change the rules, we may adopt different conventions, nothing prevents it—but under the present conditions, the rules and regulations, a private member who introduces a Bill will have to pass through several stages. There are at least four stages. Now, he has got the leave to introduce the Bill and I submit that unless the matter is on the agenda no motion for introduction can be made.

Shri A. Thanu Pillai: It is quite clear all these questions do not arise, because as Mr. Panampilli Govinda Menon says today the notice is only for leave to introduce and the agenda also specifically says 'Motion for leave to introduce'. So, it stops there. No further question arises.

The question that leave be granted to introduce the Travancore-Cochin Debt Relief Bill, was put and carried.

Leave was granted.

THE TRAVANCORE-COCHIN FIXATION OF MAXIMUM LIMIT TO HOLDINGS BILL.

Shri K. I. Velayudhan: Sir, I am not introducing it.

THE TRAVANCORE-COCHIN MALAYALA BRAHMIN BILL.

Shri Chengarapalli P. Narayanan Potti: Sir, I beg leave to introduce the Travancore-Cochin Malayala Brahmin Bill.

Shri P. K. Yasodharan: I second it.

The question that leave be granted to introduce the Travancore-Cochin Malayala Brahmin Bill, was put and carried.

Leave was granted.

THE TRAVANCORE-COCHIN ARTISANS PROTECTION BILL.

Shri K. I. Velayudhan: Sir, I move that leave may be granted to introduce the Travancore-Cochin Artisans Protection Bill.

Shri P. S. Vasudevan Pillai: I second it.

Th question that leave be granted to introduce the Travan core-Cochin Artisans Protection Bill, was put and carried.

Leave was granted.

The Assembly adjourned at 12.20 p. m. to meet again at 11 a. m. on Wednesday, the 4th August, 1954.

APPENDIX I.

[Please see answer to Question No. * 608 (11)].

Statement showing the buildings which were leased out to the T. C. T. B. Ltd.

Sl. No.	*Name of building.*	*Date of leasing out.*
1	Cape Hotel	21—10—1951
2	Cape Rest House	21—10—1951
3	Alleppey Rest House	13—11—1951
4	Trichur Guest House	2—11—1951
5	Ernakulam Rest House ..	6—11—1951
6	Kottayam Camp Shed ..	30—11—1951
7	Munnar Rest House	30—11—1951
8	Bolghatty Palace	9—11—1951
9	Quilon Additional Govt. House ..	28—10—1951
10	Courtallam Palace	9—11—1951
11	Scorpian Hall, Courtallam ..	5—3—1952
12	Warkalai Palace	1—3—1952
13	Thekaday Rest House ..	10—7—1952
14	Mascot Hotel	1—9—1952
15	Warkalai Rest House	20—5—1952